ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)1958-ലെ കെ.പി.സി.ഐ.പി. ആന്റ് അപ്പീൽ റൂൾസ് പ്രകാരം ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി)&(ഡി) പോലീസ് സൂപ്രണ്ടിന്റെ നിർദ്ദേശത്തിനു വിപരീതമായി പോലീസ് ഡി.ജി.പി. ഓഫീസിൽ കയറി എന്നു പറയുന്നത് ശരിയല്ല. സ്ഥലത്തുണ്ടായിരുന്ന എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ ഉത്തരവ് അനുസരിച്ചാണ് അക്രമ സംഭവങ്ങൾ നിയന്ത്രിക്കുന്നതിനായി പോലീസ് ഡി.ബി.സി. ഓഫീസ് വളപ്പിൽ കയറി ലാത്തിചാർജ്ജ് നടത്തിയത്. ഈ സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ട്. കൂടാതെ ഡി.ബി.സി. ഓഫീസിൽ കയറി നാശനഷ്ടങ്ങൾ വരുത്തിയതായും പ്രവർത്തകരെ ദേഹോപദ്രവം ഏൽപ്പിച്ചതായും ആരോപിച്ചുകൊണ്ട് കൊല്ലം ഡി.സി.സി. പ്രസിഡന്റിൽ നിന്നും ലഭിച്ച പരാതിയിൻമേൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 120/2000 നമ്പറായി ഐ.പി.സി. 447,324,427, 34 സെക്ഷനുകൾ പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തു കൊല്ലം നാർക്കോട്ടിക്ക് സെൽ ഡി.വൈ.എസി.പി. അന്വേഷണം നടത്തിവരുന്നു.

പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ തസ്തികകൾ

76(817) ശ്രീ. എളമരം കരിം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് വകുപ്പിൽ പോലീസുകാരുടെ വർദ്ധന വിനനുപാതികമായി മിനിസ്റ്റീരിയൽ തസ്തികകൾ കുറവാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പരാതി പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) പോലീസ് സേനാംഗങ്ങളുടെ വർദ്ധനവിന് ആനുപാതികമായി അവശ്യം വേണ്ട മിനിസ്റ്റീരിയൽ ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കണമെന്ന നിർദ്ദേശം പരിശോധിച്ചു തീരുമാനിക്കുന്നതാണ്.

ഐ.പി.എസ്. നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

77(818) ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ ഉള്ള ആളുകൾക്ക് ഐ.പി.എസ്. നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതു സംബന്ധമായി എന്തെങ്കിലും ചട്ടങ്ങളോ സർക്കുലറുകളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly